പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. T 2775 | 17.10.2016 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**<u>പാലിന്റെ ഗുണനിലവാര പരിശോധന</u>**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പാറക്കൽ അബ്ദുല്ല** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | ഉത്സവ ദിവസങ്ങളിലെ സ്ഥിരം പരിശോധനയിൽ കണ്ടെത്താനാകാത്ത തരത്തിൽ മായംകലർത്തിയ പാൽ സംസ്ഥാനത്തെത്താൻ സാദ്ധ്യതയുള്ളതായി കരുതുന്നുണ്ടോ; | എ) | സംസ്ഥാനത്ത് വിറ്റഴിക്കുന്ന എല്ലാ ബ്രാൻഡുകളിലും ഉള്ള പാലും, പാൽ ഉൽപ്പന്നങ്ങളും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ശേഖരിച്ച് കൃത്യമായി പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്താറുണ്ട്. ഓണം പോലുള്ള ആഘോഷവേളകളിൽ ക്ഷീരവികസന വകുപ്പിന്റെ സഹായത്തോടുകൂടി ചെക്ക്പോസ്റ്റുകളിൽ പാൽ പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി) | പാൽ വേഗത്തിൽ കേടാകാതിരിക്കാൻ ചില ആന്റിബയോട്ടിക്കുകളും ഇഞ്ചക്ഷൻ മരുന്നുകളും വരെ പാലിൽ കലർത്തുന്നുണ്ട് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി)<br>സി)<br>ഡി) | ആന്റിബയോട്ടിക്ക് ചേർത്ത പാൽ രാജ്യത്ത് പല സ്ഥലങ്ങളിലും ലഭ്യമാണെന്നുള്ള പത്രവാർത്തകളുടെ നിജസ്ഥിതി പരിശോധിക്കേണ്ടത് ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യ ആണ്. ഇത്തരത്തിൽ ആന്റിബയോട്ടിക്ക് ചേർത്ത പാൽ പരിശോധനയിൽ കണ്ടെത്തിയതായി ഭക്ഷ്യസുരക്ഷാ അതോറിറ്റി ഓഫ് ഇൻഡ്യ സംസ്ഥാനങ്ങളെ അറിയിച്ചിട്ടില്ല.<br>ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യ നാഷണൽ മിൽക്ക് ക്വാളിറ്റി സർവ്വെ നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതനുസരിച്ച് വിവിധ സംസ്ഥാനങ്ങളെ 8 ക്ലസ്റ്ററുകളായി തിരിച്ച് സർവ്വെ നടത്തി വരികയാണ്. ഇതിൽ തമിഴ്നാട്, കർണ്ണാടക, പോണ്ടിച്ചേരി എന്നീ സംസ്ഥാനങ്ങളടങ്ങിയ 5-ാം ക്ലസ്റ്ററിലാണ് കേരളത്തെ ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടാതെ സെപ്റ്റംബർ 29ന് ഡൽഹിയിൽ നടന്ന സെൻട്രൽ അഡ്വൈസറി കമ്മിറ്റി മീറ്റിംഗിൽ പാലിന്റെ ഗുണനിലവാരം കണ്ടുപിടിക്കുന്നതിനും മായം ചേർത്തത് കണ്ടുപിടിക്കുന്നതിനും ആവശ്യമായ Electronic |
| സി) | ഉത്സവ സമയത്ത് മാത്രം പരിശോധനകൾ കാര്യക്ഷമമാകുകയും അല്ലാത്തപ്പോൾ പരിശോധനകൾ പ്രഹസനം മാത്രമാവുകയും ചെയ്യുന്ന രീതി കൃത്രിമ പാലുകളുടെ വരവിന് ആക്കം കൂട്ടുന്നതായി കരുതുന്നുണ്ടോ; | | |
| ഡി) | എങ്കിൽ പരിശോധന എപ്പോഴും കാര്യക്ഷമമാക്കുവാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളും.; വിശദാംശങ്ങൾ നൽകുമോ? | | |

| | | | |
|---|---|---|---|
| | | | Milk Adultertion Tester with milk analyser എന്ന ഉപകരണം 2 എണ്ണം കേര ളത്തിൽ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.. ഇതിന്റെ പ്രവർത്തനം നിരീ ക്ഷിച്ചതിനു ശേഷം ഈ ഉപകരണം ഫലപ്രദ മാണെന്ന് കണ്ടെത്തിയാൽ കൂടുതൽ ഉപകര ണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. എന്നാൽ സംസ്ഥാനത്ത് ഈ സർക്കാർ അധികാര ത്തിൽ വന്നതിനുശേഷം ഭക്ഷ്യസുരക്ഷാ വകുപ്പും ക്ഷീരവികസന വകുപ്പും സംസ്ഥാനത്തെ വിപണിയിൽ ലഭ്യമാ യിട്ടുള്ളതും അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നതുൾപ്പെടെയുള്ള വിവിധ ബ്രാൻഡുകളിലുള്ള പാലിന്റെ സാമ്പിൾ പരിശോധനയ്ക്കെടുക്കുകയും അതിൽ നിശ്ചിത ഗുണനിലവാരം ഇല്ലാതെ വിൽപ്പന നടത്തിയവർക്കെതിരെ കക്തശന നടപടി സ്വീകരിച്ചിട്ടുമുണ്ട്.ഭക്ഷ്യസു രക്ഷാ ഗുണനിലവാര നിയമത്തിലെ 21-ാം വകുപ്പു പ്രകാരം ഭക്ഷണ പദാർത്ഥങ്ങളിൽ നേരിട്ടോ അല്ലാതെയോ ആന്റി ബയോട്ടിക്ക്സിന്റെയോ, കീടനാശിനികളു ടെയോ വെറ്ററിനറി ഡ്രഗ്സിന്റെയോ അംശം ഭക്ഷണപദാർത്ഥത്തിൽ അനുവദനീയമല്ല. ഇതനുസരിച്ച് അനുവദനീയമല്ലാത്ത ഇത്തരം വസ്തുക്കൾ പാലുൾപ്പെടെയുള്ള ഭക്ഷ്യവ സ്തുക്കളിൽ കണ്ടെത്തിയാൽ പ്രോസിക്യൂ ഷൻ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ ഇത്തരം ഭക്ഷ്യവസ്തുക്കൾ നിരോ ധിക്കാനും സാധിക്കും. |

സെക്ഷൻ ഓഫീസർ